**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 21** **16-09-2025 - ൽ മറുപടിയ്ക്ക്**

**വെളിച്ചെണ്ണയുടെ വിലവര്‍ദ്ധനവ് നിയന്ത്രിക്കാന്‍ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിപണിയിൽ അവശ്യസാധനങ്ങളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് മുൻഗണന നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് അവശ്യ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി ശക്തമായ വിപണി ഇടപെടൽ പ്രവർത്തനങ്ങൾ സപ്ലൈകോ മുഖേന നടത്തി വരുന്നു. ചെറുപയർ, ഉഴുന്ന്, കടല, വൻപയർ, തുവരപ്പരിപ്പ്, മുളക്, മല്ലി, പഞ്ചസാര, വെളിച്ചെണ്ണ, മട്ട അരി, ജയ അരി, കുറുവ അരി, പച്ചരി എന്നീ 13 ഇനം അവശ്യ സാധനങ്ങൾ സപ്ലൈകോ വിൽപ്പനശാലകൾ വഴി സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻകാർഡുടമകൾക്കും സബ്സിഡി നിരക്കിൽ വിൽപ്പന നടത്തി വരുന്നു. പൊതു വിപണി വിലയേക്കാൾ 20% മുതൽ 35% വരെ വിലക്കുറവിലാണ് പ്രസ്തുത സാധനങ്ങൾ വില്പന നടത്തി വരുന്നത്.<br><br>സർക്കാരിന്റെ വിപണി ഇടപെടൽ സംവിധാനം കൂടുതൽ സജീവമായി പ്രവർത്തിക്കേണ്ട സമയം എന്ന നിലയിൽ, ഓണം, റംസാൻ, ക്രിസ്തുമസ് മുതലായ ഉത്സവ സീസണുകളിൽ നിലവിലുള്ള വില്പനശാലകൾക്ക് പുറമെ പ്രത്യേക ഉത്സവ ചന്തകൾ ആരംഭിച്ച് കൂടുതൽ ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കാറുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും 26-03-25 മുതൽ 30-03-25 വരെയുള്ള കാലയളവിൽ റംസാൻ ഫെയറുകളായും എല്ലാ താലൂക്കിലും 10-04-2025 തീയതി മുതൽ 19-04-2025 വരെയുള്ള കാലയളവിൽ വിഷു- ഈസ്റ്റർ ഫെയറുകളായും സംഘടിപ്പിക്കുകയുണ്ടായി. ഈ ഓണക്കാലത്തും 14 ജില്ലകളിലും ജില്ലാ ഫെയറുകൾ സംഘടിപ്പിച്ച് പൊതു ജനങ്ങൾക്ക് ന്യായമായ വിലയിൽ അവശ്യ ഭക്ഷ്യസാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും യഥേഷ്ടം ലഭ്യമാക്കിയിട്ടുണ്ട്. ജില്ലാ ഫെയറുകൾ ഇല്ലാത്ത 126 നിയോജക |

| | | | |
|---|---|---|---|
| | | | മണ്ഡലങ്ങളിൽ ഒരു സപ്ലൈകോ വിൽപനശാലയോട് ചേർന്നും 140 നിയോജക മണ്ഡലങ്ങളിലും സഞ്ചരിക്കുന്ന ഓണച്ചന്തകൾ വഴിയും ചരിത്രത്തി ലാദ്യമായി സബ്സിഡി സാധനങ്ങൾ അടക്കം വിതരണം ചെയ്തു.<br><br>സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അവശ്യ വസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും വില ശേഖരണത്തിനും വേണ്ടി Price Monitoring Cell, പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനും വേണ്ടി Centre for Price Research Kerala എന്നിവയും നിലവിലുണ്ട്.<br><br>വിലക്കയറ്റം തടയുന്നതിനും നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനും പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ ഉദ്യോഗസ്ഥർ പൊതു വിപണിയിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഉത്സവ സീസണുകളിൽ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ എന്നീ വകുപ്പുകളുമായി ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പൊതുവിപണി പരിശോധന നടത്തി വരുന്നു. അപ്രകാരം നടത്തുന്ന പരിശോധനയിൽ വിലവിവരപട്ടിക പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിക്കുന്നതി നോടൊപ്പം വകുപ്പിൽ നിലവിലുള്ള താലൂക്ക് തല സ്ക്വാഡുകളുടെ സഹായത്തോടു കൂടി പൂഴ്ത്തി വയ്പ്പും കരിഞ്ചന്തയും തടഞ്ഞ് വിപണിവില പിടിച്ചു നിർത്തുന്ന നടപടികളും വകുപ്പ് സ്വീകരിച്ച് വരുന്നു. |
| (ബി) | സംസ്ഥാനത്ത് വെളിച്ചെണ്ണയുടെ വില ക്രമാതീതമായി ഉയർന്ന സാഹചര്യത്തിൽ അത് പ്രതിരോധിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | പൊതുവിപണിയിൽ 529 രൂപയ്ക്ക് മുകളിൽ വെളിച്ചെണ്ണ വില ഉയർന്ന സാഹചര്യത്തിൽ വില ക്രമാതീതമായി ഉയരുന്നത് നിയന്ത്രിക്കുന്നതിനായി സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' സബ്സിഡിയോടുകൂടി വെളിച്ചെണ്ണ 349/- രൂപയ്ക്കും നോൺ സബ്സിഡി ശബരി വെളിച്ചെണ്ണ 429/- രൂപയ്ക്കും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. 25-08-2025 തീയതി മുതൽ സബ്സിഡി ശബരി വെളിച്ചെണ്ണ 339/- രൂപയ്ക്കും നോൺ സബ്സിഡി ശബരി വെളിച്ചെണ്ണ 389/- രൂപയ്ക്കും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികളും |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചു. വിൽപ്പനശാല കളിൽ ശബരി വെളിച്ചെണ്ണ യഥേഷ്ടം ലഭ്യമാക്കിയതിനെ തുടർന്ന് പൊതുവിപണി യിൽ വെളിച്ചെണ്ണയുടെ വില പിടിച്ചുനിർത്തുവാൻ സാധിച്ചു.<br><br>കേരളത്തിലെ ഉപഭോക്താക്കളുടെ ഇടയിൽ കൂടുതൽ ഡിമാൻഡുള്ള സർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരളത്തിന്റെ കേര ബ്രാൻഡ് വെളിച്ചെണ്ണ പൊതു വിപണിയിൽ 529 രൂപയുള്ളപ്പോൾ 457 രൂപക്കും തുടർന്ന് 445 രൂപയായി കുറച്ചും സെപ്റ്റംബർ 1 മുതൽ 439 രൂപക്കും വിതരണം ചെയ്തു. സംസ്ഥാനത്തെ ഏറ്റവും കുറഞ്ഞ വിലയിൽ കേര വെളിച്ചെണ്ണ സപ്ലൈകോയുടെ 1500 ൽ അധികം വില്പന ശാലകൾ മുഖേന വിതരണം ചെയ്തു. കേര വെളിച്ചെണ്ണയ്ക്ക് പ്രത്യേക ഡിസ്കൗണ്ട് നൽകി പൊതു ജനങ്ങൾക്ക് എറ്റവും കുറഞ്ഞ വിലയിൽ സപ്ലൈകോ ലഭ്യമാക്കിയത് മൂലം പൊതുവിപണിയിൽ കുതിച്ചുയർന്ന വെളിച്ചെണ്ണ വില കുറയുവാനിടയായി. |
| (സി) | ഇത്തരത്തിൽ വെളിച്ചെണ്ണയുടെ വില വർദ്ധനവിന് ഇടയാക്കിയ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്, പൊതുവിപണിയിൽ കൊപ്രയുടെ ലഭ്യത കുറഞ്ഞതിനെ തുടർന്ന് വില ക്രമാതീതമായി കൂടിയതാണ് വെളിച്ചെണ്ണവില വർദ്ധനവിന് കാരണമായത്. |
| (ഡി) | വെളിച്ചെണ്ണയുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിനൊപ്പം ഈ ഓണത്തോടനുബന്ധിച്ച് പൊതുജനങ്ങൾക്ക് അരിയും മറ്റ് അവശ്യസാധനങ്ങളും മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിന് ഭക്ഷ്യ- പൊതുവിതരണ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (ഡി) | ഈ ഓണത്തോടനുബന്ധിച്ച് ടൈഡ് ഓവർ വിഹിതത്തിൽ നിന്നും അധിക അരി വിഹിതം നൽകണമെന്ന് കേന്ദ്ര ഭക്ഷ്യ മന്ത്രിയെ നേരിൽകണ്ട് ആവശ്യപ്പെട്ടെങ്കിലും ഒരു മണി അരിപോലും അധികമായി നൽകാൻ ആകില്ല എന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. എന്നാൽ കേരളത്തിലെ ജനങ്ങളെ ചേർത്ത് പിടിക്കുന്ന നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ച് വരുന്നത്.<br><br>• ഈ ഓണത്തോടനുബന്ധിച്ച് ഓഗസ്റ്റ് മാസം AAY കാർഡ് ഉടമകൾക്കു നോർമൽ അരി വിഹിതത്തിന് പുറമെ 14 അവശ്യ സാധനങ്ങൾ അടങ്ങിയ ഓണക്കിറ്റുകൾ നൽകി. ഒരു കിലോഗ്രാം പഞ്ചസാരയും നൽകി.<br>• PHH കാർഡ് ഉടമകൾക്കു നോർമൽ അരി വിഹിതത്തിന് പുറമെ 5 Kg അരി 10.90/Kg എന്ന നിരക്കിൽ നൽകി.<br>• NPS കാർഡ് ഉടമകൾക്കു നോർമൽ അരി വിഹിതത്തിന് പുറമെ 10 Kg അരി 10.90/Kg എന്ന നിരക്കിൽ നല്കി. |

| | | | |
|---|---|---|---|
| | | | • NPNS കാർഡ് ഉടമകൾക്കു നോർമൽ അരി വിഹിതത്തിന് പുറമെ 15 Kg അരി 10.90/Kg എന്ന നിരക്കിൽ നൽകി.<br>• ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നാല് പേർക്ക് ഒരു കിറ്റ് എന്ന നിലയിൽ ഭക്ഷ്യ കിറ്റുകൾ നല്കി.<br>• സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമസ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ അന്തേവാസികൾ ഭക്ഷ്യ കിറ്റുകൾ നല്കി.<br>• സപ്ലൈകോ ഓണം സ്പെഷ്യലായി പച്ചരി, പുഴുക്കലരി എന്നിവ കിലോഗ്രാമിന് 25/- രൂപ നിരക്കിൽ ബില്ലൊന്നിന് 20 കിലോ വരെ ലഭ്യമാക്കി. കൂടാതെ 8 കിലോ അരി സബ്സിഡി നിരക്കിലും നൽകി.<br>• സപ്ലൈകോയുടെ സ്വന്തം 'ശബരി' ബ്രാൻഡിൽ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ,പുളി, ഏലം, മഞ്ഞൾ പൊടി, ഉപ്പ്, ആട്ട, പുട്ടു പൊടി, അപ്പം പൊടി എന്നിവ പൊതുവിപണി വിലയേക്കാൾ ഏകദേശം 15 മുതൽ 35 ശതമാനം വരെ വിലക്കുറവിൽ ലഭ്യമാക്കുന്നുണ്ട്.<br>• ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും FMCG ഉൽപ്പന്നങ്ങളും MRP/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ